"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 495/08 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും നൽകുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.541/2025/LSGD**

**തീയതി, തിരുവനന്തപുരം, 24-02-2025**

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ 838/2012 നമ്പർ അപ്പീലിന്മേലുള്ള 31/05/2018 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി) നം. 32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04/02/2025 തീയതിയിലെ DCTVM/2084/2024-K9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 495/2008 നമ്പർ കേസിൽ ഒന്നാം കക്ഷിയായ ശ്രീ. മുസ്തഫയ്ക്ക് 14,20,959/- (പതിനാല് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി അമ്പത്തൊമ്പത് രൂപ മാത്രം) രൂപയും രണ്ടാം കക്ഷിയായ ശ്രീ. ഷാഹുൽ ഹമീദിന് 6,17,808/- (ആറ് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി എട്ട് രൂപ മാത്രം) രൂപയും ഉൾപ്പടെ ആകെ 20,38,767/- (ഇരുപത് ലക്ഷത്തി മുപ്പത്തെട്ടായിരത്തി എഴുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) രൂപ അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2501/1-3-1 ൽപ്പെട്ട 0.33 ആർ സ്ഥലം (0.23 + 0.10 respectively) ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 495/2008 നമ്പർ കേസിൽ ഒന്നാം കക്ഷിയായ ശ്രീ. മുസ്തഫയ്ക്ക് 14,20,959/- (പതിനാല് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി അമ്പത്തിയൊമ്പത് രൂപ മാത്രം) രൂപയും രണ്ടാം കക്ഷിയായ ശ്രീ. ഷാഹുൽ ഹമീദിന് 6,17,808/- (ആറ് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി എട്ട് രൂപ മാത്രം) രൂപയും ഉൾപ്പടെ ആകെ 20,38,767/- (ഇരുപത് ലക്ഷത്തി മുപ്പത്തെട്ടായിരത്തി

എഴുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) രൂപ '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. മുസ്തഫ, റ്റി.സി.20/1226, സജിന മൻസിൽ, കരമന, മേലാറന്നൂർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന.
ശ്രീ. ഷാഹുൽ ഹമീദ്, റ്റി.സി.20/1332(3), സജിന മൻസിൽ, കരമന, മേലാറന്നൂർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/184/2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 28-02-2025 12:03:51
സെക്ഷൻ ഓഫീസർ